# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4877 05/02/2014 ൽ മറുപടിക്ക്*

## പഞ്ചായത്ത് വകുപ്പിന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ;<br>,, മോൻസ് ജോസഫ്;<br>,, റ്റി . യു. കുരുവിള;<br>,, സി. എഫ്. തോമസ്; | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | പഞ്ചായത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) | ഗ്രാമ പഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായി വരുന്നു. 978 ഗ്രാമ പഞ്ചായത്തുകളുടേയും അക്കൗണ്ടിംഗ് സംവിധാനം സാംഖ്യ സോഫ്റ്റ് വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം , അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം സുലേഖ സോഫ്റ്റ് വെയർ വഴി നടത്തുന്നു. ജനന- മരണ- വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ് വെയറിലൂടെയും സാമൂഹ്യസുരക്ഷാ പെൻഷനുകൾ സേവന (പെൻഷൻ) എന്ന സോഫ്റ്റ് വെയറിലൂടെയും ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | | ജനന-മരണ- വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. ജനന-മരണ- വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിലാണ്. വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ എന്ന സോഫ്റ്റ് വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഗ്രാമ പഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിച്ചിട്ടുണ്ട്. സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. 16 സേവനങ്ങൾ ഗ്രാമ പഞ്ചായത്തുകൾ വഴിയും 7 സേവനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകൾ വഴിയും 3 സേവനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നൽകാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും പ്രവർത്തനം നടത്തി വരികയും ചെയ്യുന്നു. |
| (ബി) | പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള പദ്ധതികൾ തയ്യാറാക്കി അംഗീകരിക്കുകയും മുൻകൂർ പണം ലഭ്യമാക്കി, ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്ത് പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി 12-ാം പഞ്ചവൽസര പദ്ധതിക്കാലത്തേയ്ക്കുള്ള (2012-2017) പഞ്ചവൽസര പദ്ധതിയും 5 വർഷത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും വർഷം തിരിച്ചും മേഖല തിരിച്ചും പദ്ധതി തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ജീവനക്കാർക്ക് കുറഞ്ഞത് ത്രൈമാസ പരിശീലനം നല്കി കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിന് നടപടികൾ സ്വീകരിക്കുമോ? | (സി) | വിവിധ തസ്തികയിലുള്ള ജീവനക്കാർക്ക് കില, ഐ.എം.ജി എന്നിവയുടെ നേതൃത്വത്തിൽ ആവശ്യമായ പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ